# ആലപ്പുഴ ജില്ലാ പഞ്ചായത്ത്

# ബജറ്റ് 2019-20

തീയതി : 16-02-2019

## പ്രസിഡന്റിന്റെ ആമുഖ പ്രസംഗം

ബഹുമാന്യ സഭാംഗങ്ങളെ,

ചരിത്രത്തിൽ മുമ്പ് ഉണ്ടായിട്ടില്ലാത്തവിധം സർവ്വതും തകർത്തെറിഞ്ഞ ഒരു മഹാപ്രളയത്തിന് ശേഷം കേരള സമൂഹം പുതുതായി സൃഷ്ടിക്കുന്നതിനുള്ള കേരള സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പരിശ്രമം മുന്നേറുന്ന സാഹചര്യത്തിലാണ് നമ്മുടെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് ഇന്നിവിടെ വൈസ് പ്രസിഡന്റ് ശ്രീമതി മണി വിശ്വനാഥ് അവതരിപ്പിക്കുന്നത്.

പൗരൻമാരുടെ സുരക്ഷയും അവർക്ക് ആത്മവിശ്വാസവും പകർന്ന് അവരെ മുന്നോട്ട് നയിക്കുക എന്നതാണ് ഒരു ഭരണകൂടത്തിന്റെ പ്രാഥമികമായ കർത്തവ്യം. പ്രളയമുഖത്ത് ഭയചകിതരായി അലമുറയിട്ട ഒരു ജനതയെയാകെ എല്ലാവിധ വിഭാഗിയതകളും ഒഴിവാക്കി ഒറ്റക്കെട്ടായി നയിച്ച് അവർക്കൊപ്പം നിൽക്കുന്ന ഒരു ഭരണകൂടത്തെയാണ് കേരള സമൂഹം കണ്ടത്. അലറി അടുത്ത മഴവെള്ള പാച്ചിലിൽ നിന്നും രക്ഷപെടുത്തി സുരക്ഷിത സ്ഥാനങ്ങളിൽ അഭയം നൽകുന്നതിനും, ദിവസങ്ങളോളം ഈ ക്യാമ്പുകളിൽ സർവ്വ സൗകര്യങ്ങളും ഒരുക്കുന്നതിനും, പ്രളയം അവസാനിച്ച ഉടൻ തന്നെ തങ്ങൾ താമസിച്ചിരുന്ന വീടുകൾ വൃത്തിയാക്കി തിരികെ പാർപ്പിക്കുന്നതിനും, പ്രളയം അവസാനിപ്പിച്ച ദുരന്തത്തിന്റെ ഭീകര അടയാളങ്ങൾ ഇല്ലാതാക്കുന്നതിനും സംസ്ഥാന സർക്കാർ പ്രകടിപ്പിച്ച ഇച്ഛാശക്തിയെ ലോകസമൂഹമാകെ അത്ഭുതത്തോടെയാണ് വീക്ഷിച്ചത്. പ്രളയം തകർത്തതിനെ പുനഃസൃഷ്ടിക്കുകയല്ല മറിച്ച് പുതിയൊരു കേരളം സൃഷ്ടിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഏറെ പ്രതീക്ഷയാണ് മലയാളികൾക്കാകെ നൽകിയിരിക്കുന്നത്.

2018 ജൂലൈ അവസാനവാരം ആദ്യഘട്ട പേമാരിയിൽ കുട്ടനാട് വെള്ളത്തിനടിയിലായി. വീടുകൾ പലതും വെള്ളം കയറുകയും പാടശേഖരങ്ങളിൽ മടവീണ് കൃഷിനാശം ഉണ്ടാവുകയും ചെയ്തു. ഈ ഘട്ടത്തിൽ ജില്ലാഭരണകൂടത്തിനൊപ്പം നിന്ന് കുട്ടനാടിന്റെ വേദനയൊപ്പാൻ ആലപ്പുഴ ജില്ലാപഞ്ചായത്തും നേതൃത്വപരമായ പങ്ക് വഹിച്ചു. ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജീകരിക്കുന്നതിനും, അവിടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും, ശുചീകരിക്കുന്നതിനും കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകളെയുംബ്ലോക്ക് പഞ്ചായത്തുകളെയും കൂട്ടിയിണക്കി തീവ്രമായ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനിടയിലാണ് ആഗസ്റ്റ് 14-ാം തീയതി മുതൽ കേരളത്തിന്റെ മറ്റെല്ലാ ഭാഗത്തെയും പോലെ ആലപ്പുഴയേയും, കുട്ടനാടിനെയും ചെങ്ങന്നൂരിനെയും വിശേഷിച്ചും മഹാപ്രളയം കവർന്നത്.

ആഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രി മുതൽ കുട്ടനാടും ചെങ്ങന്നൂരും ഉൾപ്പെടെയുള്ള പ്രളയബാധിത പ്രദേശങ്ങളിൽ നിന്നും ജീവൻ രക്ഷിക്കുവാനുള്ള നിലവിളികൾ ഉയർന്നപ്പോൾ ജില്ലയിലെ മന്ത്രിമാരായ ജി. സുധാകരൻ, ഡോ. റ്റി.എം. തോമസ് ഐസക്, പി. തിലോത്തമൻ എന്നിവരുടെ നേതൃത്വത്തിൽ സിവിൽ സ്റ്റേഷൻ കേന്ദ്രീകരിച്ച് ജില്ലയിലെ മുഴുവൻ ഉദ്യോഗസ്ഥ സംവിധാനത്തെയും മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള സന്നദ്ധ സംഘങ്ങളെയും ഏകോപിപ്പിച്ച് രാവും പകലും ദിവസങ്ങളോളം നടത്തിയ രക്ഷാപ്രവർത്തനം ജനങ്ങളോടൊപ്പമുണ്ട് എന്ന ഒരു ഭരണകൂട വാഗ്ദാനത്തിന്റെ പൂർത്തീകരണമായിരുന്നു. 2 ലക്ഷത്തിലധികം ജനങ്ങളെയാണ് രണ്ട് ദിവസങ്ങളിലായി കുട്ടനാട്, ചെങ്ങന്നൂർ ഭാഗങ്ങളിൽ നിന്നും രക്ഷിച്ച് ക്യാമ്പുകളിൽ എത്തിച്ചത്. രക്ഷാപ്രവർത്തനത്തിനും ക്യാമ്പുകളിൽ എത്തിക്കുന്നതിനും ക്യാമ്പുകളിൽ സൗകര്യം ഒരുക്കുന്നതിനും ജില്ലാപഞ്ചായത്ത് ഭരണസമിതി ഒന്നാകെ എല്ലാ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെയും കൂട്ടിയോജിപ്പിച്ച് എല്ലാ ഭിന്നതകളും മറന്ന് പ്രവർത്തിക്കാനായത് അഭിമാനകരമാണ്. അരൂർ മുതൽ കായംകുളം വരെ പ്രദേശങ്ങളിലുള്ള വിവിധ ഭാഗങ്ങളിലെ ജില്ലാപഞ്ചായത്ത് സ്കൂളുകൾ ഉൾപ്പെടെ ലഭ്യമായ എല്ലാ പൊതു കെട്ടിടങ്ങളിലും മാത്രമല്ല ചങ്ങനാശ്ശേരി, കോട്ടയം, തിരുവല്ല, മല്ലപ്പള്ളി താലൂക്കുകളിലും സജ്ജീകരിച്ച ക്യാമ്പുകളിൽ എത്തിക്കപ്പെട്ട ദുരന്തബാധിതരെ സ്വന്തം സഹോദരങ്ങളെ പോലെയാണ് ക്യാമ്പുകൾ സജ്ജീകരിച്ച പ്രദേശങ്ങളിലെ സമൂഹം സ്വീകരിച്ചത്. ക്യാമ്പുകളിൽ എല്ലാവിധ സംവിധാനങ്ങളും ഒരുക്കുന്നതിനും ദുരിതബാധിതർക്ക് ആത്മബലം നൽകുന്നതിനും പ്രാദേശിക സമൂഹത്തെ കൂട്ടിയിണക്കി അതാതിടങ്ങളിലെ ത്രിതല പഞ്ചായത്ത് സമിതികളും ജനപ്രതിനിധികളും നടത്തിയ ആത്മാർത്ഥമായ പരിശ്രമം പ്രാദേശിക ഭരണകൂടങ്ങളുടെ ആവശ്യകതയും പ്രസക്തിയും ഉറക്കെ വിളിച്ചുപറയുന്നതായിരുന്നു.

ഓരോ ക്യാമ്പിലുമെത്തിയ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ഭക്ഷണവും മരുന്നും യാതൊരു കുറവുമില്ലാതെ എത്തിക്കുക മാത്രമല്ല ഇത്രയധികം ആളുകൾ താമസിച്ച ക്യാമ്പുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് വിടവില്ലാത്ത സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും ശാസ്ത്രീയമായ സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത്. സ്കൂളുകളിലെയും മറ്റ് ക്യാമ്പുകളിലെയും പരിമിതമായ സൗകര്യങ്ങൾ ആയിരക്കണക്കിന് ആളുകൾ ഇടതടവില്ലാതെ ഉപയോഗിച്ചിട്ടും ഒരിടത്തുപോലും മാലിന്യ പ്രശ്നമോ അതിന്റെ തുടർച്ചയായുള്ള രോഗബാധയോ ഉണ്ടാവാതിരുന്നത് ഈ രംഗത്ത് നാം ചെലുത്തിയ ജാഗ്രതയുടെ തെളിവാണ്.

ക്യാമ്പിലെ അന്തേവാസികൾക്ക് ലോകമെമ്പാടുനിന്നും എത്തിയ സഹായങ്ങൾ കൃത്യമായി അർഹരിൽ എത്തിക്കുന്നതിനും നാം ഇടപെടൽ നടത്തുകയുണ്ടായി. ജില്ലാഭരണകൂടത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച കളക്ഷൻ ക്യാമ്പുകളിലും ശേഖരണവും വിതരണവും ഫലപ്രദമാകുന്നതിന് ഓരോ ഘട്ടത്തിലും ഇടപെടുവാൻ കഴിഞ്ഞു. നമ്മുടെ ഹാളിൽ വിവിധ സംഘടനകളുടെ സഹായം എത്തിച്ച് വിവിധ ക്യാമ്പുകളിൽ വിതരണം ചെയ്യുവാൻ മാതൃകാപരമായി

പ്രവർത്തിക്കുവാൻ കഴിഞ്ഞു. എല്ലാ ജില്ലാപഞ്ചായത്ത് അംഗങ്ങളും അവരവരുടെ ചുമതലയുള്ള പ്രദേശങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്കും ക്യാമ്പുകളുടെ നടത്തിപ്പിനും പരിപാലനത്തിനും ഏകോപനത്തിനും ഫലപ്രദമായി ഇടപെട്ടുവെന്നത് ജില്ലാപഞ്ചായത്തിനാകെ അഭിമാനകരമായി. ഒട്ടുമിക്ക ജില്ലാപഞ്ചായത്ത് അംഗങ്ങളും ജില്ലയിലെ ആകെ ക്യാമ്പുകളിലും രാവുംപകലും വിശ്രമരഹിതമായി ഇടപെടൽ നടത്തിയത് പൊതു സമൂഹമാകെ അംഗീകരിക്കുന്ന അവസ്ഥയുമുണ്ടായി.

പ്രളയമുഖത്ത് ജലനിരപ്പ് താഴ്ന്നയുടൻ തന്നെ ആ പ്രദേശങ്ങൾ ശുചിയാക്കുന്നതിനും കേരളത്തിലെമ്പാടുമുള്ള സന്നദ്ധ പ്രവർത്തകരെ കൂട്ടിയോജിപ്പിച്ച് ആലപ്പുഴയിൽ നടത്തിയ മഹാ ശുചീകരണം കേരളത്തിന്റെ ആകെ ശ്രദ്ധയാകർഷിച്ചു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ കുട്ടനാട്ടിലെയും ചെങ്ങന്നൂരിലെയും ഓരോ വീടും പൊതു ഇടങ്ങളും ശുചീകരിച്ച് ഉപയോഗയോഗ്യമാക്കുവാൻ പഴുതുകൾ ഇല്ലാത്ത ആസൂത്രണവും നിർവ്വഹണവുമാണ് നടത്തിയത്. സാഹചര്യത്തിന്റെ ആവശ്യകത മനസ്സിലാക്കി ജില്ലാപഞ്ചായത്തിന്റെ പദ്ധതി ഭേദഗതി ചെയ്ത് 32,35,000/- രൂപയ്ക്കുള്ള ശുചീകരണ ഉപകരണങ്ങൾ യുദ്ധസമാനമായ വേഗതയിൽ പ്രളയബാധിത ഗ്രാമപഞ്ചായത്തുകൾക്ക് നൽകാനായത് ഏറെ ചാരിതാർത്ഥ്യമുണ്ടാക്കി. ഇതിനായി രാവും പകലും അധ്വാനിച്ച ജില്ലാപഞ്ചായത്തിലെ ജീവനക്കാരെ അഭിമാനത്തോടെ സ്മരിക്കുകയാണ്. ഈ പ്രദേശങ്ങളിൽ രോഗബാധ ഒഴിവാക്കുന്നതിന് അലോപ്പതി, ആയുർവ്വേദ, ഹോമിയോ വിഭാഗങ്ങളെ കൂട്ടിയോജിപ്പിച്ച് ജില്ലാപഞ്ചായത്ത് നടത്തിയ പ്രവർത്തനം ഏറെ ഫലപ്രദമായി. 26,20,050/- രൂപയ്ക്കുള്ള മരുന്നുകൾ ആയുർവ്വേദത്തിനും 10 ലക്ഷം രൂപയ്ക്കുള്ളത് ഹോമിയോയ്ക്കും ലഭ്യമാക്കുകയുണ്ടായി. അലോപ്പതി വിഭാഗത്തിന് അവരുടെ ആവശ്യപ്രകാരമുള്ള സംവിധാനങ്ങളും നൽകുകയുണ്ടായി. മഹാപ്രളയത്തിന് ശേഷം ലോകത്തെമ്പാടും രോഗബാധ സാധാരണമായിരുന്നുവെങ്കിൽ സംസ്ഥാന സർക്കാരിന്റെ കൃത്യമായ നേതൃത്വത്തിൽ പ്രാദേശിക ഭരണകൂടങ്ങൾ സന്നദ്ധ പ്രവർത്തകരെ കൂട്ടിയിണക്കി നടത്തിയ പരിശ്രമങ്ങൾ മൂലം അപകടകരമായ രീതിയിൽ ഒരു രോഗം പോലും പടരുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞു. ദുരന്തബാധിതർക്ക് രക്ഷാപ്രവർത്തനത്തിനും സഹായം എത്തിക്കുന്നതിനും ശുചീകരണത്തിനും സ്വയം സന്നദ്ധമായെത്തിയ ആയിരക്കണക്കിന് മനുഷ്യ സ്നേഹികളെ ജില്ലയിലെ മുഴുവൻ ജനങ്ങൾക്ക് വേണ്ടിയും നന്ദിയോടെ സ്മരിക്കുകയാണ്.

ക്യാമ്പുകളിൽ നിന്നും തിരികെ ജനങ്ങൾ വീടുകളിൽ എത്തുന്നതിന് മുൻപ് വീടുകളുടെ ഉറപ്പ് പരിശോധിക്കുന്നതിന് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ തീവ്രമായ പരിശ്രമം ശ്ലാഘനീയമാണ്. എന്നാൽ നിർണ്ണയത്തിൽ വന്നിട്ടുള്ള അപാകതകൾ പ്രദേശിക സമിതികളുടെ സഹകരണത്തോടെ പരിഹരിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പാമ്പുപിടുത്തക്കാരെ ഉൾപ്പെടെ വിന്യസിപ്പിച്ച് നടത്തിയ മുന്നൊരുക്ക പ്രവർത്തനം ഒരു പൗരന്റെ ജീവനിൽ ഭരണകൂടത്തിന്റെ

ജാഗ്രത വെളിവാക്കുന്നതായിരുന്നു. തകർന്നടിഞ്ഞ വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. നടത്തിയ ഇടപെടൽ അത്ഭുതാവഹമായിരുന്നു. ശുചീകരണത്തിന് ശേഷം മുഴുവൻ പ്രളയബാധിതരെയും അവരുടെ വീടുകളിലും, വീടുകൾ സജ്ജമാകാത്തയിടങ്ങളിൽ പ്രാദേശീകമായ ക്യാമ്പുകളിലും എത്തിക്കാൻ കഴിഞ്ഞു. നമ്മുടെ ജന്റർപാർക്ക് കെട്ടിടവും ഒന്നരമാസക്കാലം 50 ലേറെ കുടുംബങ്ങൾക്ക് ആശ്വാസകരമായി വിനിയോഗിക്കുവൻ കഴിഞ്ഞു എന്നത് സ്മരണീയമാണ്.

പ്രളയശേഷം നിസ്സഹയരായി നിൽക്കാതെ, ഒരു നിമിഷം പോലും പാഴാക്കാതെ, കേരളം നവകേരള സൃഷ്ടിക്കായി മുന്നോട്ട് കുതിക്കുകയാണ്. സാമ്പത്തിക ഞെരുക്കത്തിനിടയിലും സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിന് നടത്തിയ ശ്രമങ്ങളെ പലരും പിന്നിൽ നിന്ന് തടസ്സപ്പെടുത്തുന്നതിനിടയിലും ആലപ്പുഴ ജില്ലയിൽ മാത്രം പ്രളയംബാധിച്ച 163952 കുടുംബങ്ങൾക്ക് പതിനായിരം രൂപയുടെ സഹായം ഇതിനോടകം നൽകി കഴിഞ്ഞു. ജില്ലയിൽ വീടുകളുടെ പുനർ നിർമ്മാണത്തിന് ആദ്യഘട്ടമെന്ന നിലയിൽ 100 ശതമാനം നാശനഷ്ടമുള്ള 800 കുടുംബങ്ങൾക്ക് ഒന്നാം ഗഡുവും 231 കുടുംബങ്ങൾക്ക് രണ്ടാം ഗഡുവും 20 കുടുംബങ്ങൾക്ക് മൂന്നാം ഗഡുവും നൽകി കഴിഞ്ഞു. 15 ശതമാനം നാശനഷ്ടം നേരിട്ട 28557 കുടുംബങ്ങളുടെയും 29 ശതമാനം വരെ നാശനഷ്ടം സംഭവിച്ച 15334 കുടുംബങ്ങളുടെയും 59 ശതമാനം വരെ നാശനഷ്ടം സംഭവിച്ച 2391 കുടംുബങ്ങളുടെയും 74 ശതമാനം വരെ നാശനഷ്ടം നേരിട്ട 1102 കുടുംബങ്ങളുടെയും അക്കൗണ്ടുകളിലേയ്ക്ക് ഈ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ തന്നെ സർക്കാർ പ്രഖ്യാപിച്ച ധനസഹായം എത്തിക്കുവാൻ കഴിഞ്ഞു എന്നത് സർക്കാരിന്റെ ഇച്ഛാശക്തിയുടെ തെളിവാണ്.

കുട്ടനാട്, ചെങ്ങന്നൂർ മേഖലയിലെ ഒട്ടുമിക്ക റോഡുകളും പൂർണ്ണമായും പുനർ നിർമ്മിച്ച് കഴിഞ്ഞു. പ്രളയം തകർത്ത് തരിപ്പണമാക്കിയ ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് ആഴ്ചകൾക്കകം മുൻപത്തേക്കാളും ഭംഗിയായി പുനർ നിർമ്മിച്ചത് സർക്കാരിന്റെ നിശ്ചായദാർഢ്യത്തിന്റെ മകുടോദാഹരണമാണ്. മടവീണ മുഴുവൻ പാടശേഖരങ്ങളുടെയും മടകുത്തുന്നതിന് മുൻകൂറായി തുക അനുവദിച്ചതും കൃഷി പുനരാരംഭിക്കുന്നതിനുള്ള ചെലവുകൾ സർക്കാർ വഹിച്ചതും കർഷകരിൽ ഉണ്ടാക്കിയ ആത്മവിശ്വാസം ചെറുതല്ല. നമ്മുടെ ജില്ലാപഞ്ചായത്ത് പ്രളയ നഷ്ടമുണ്ടായ 9 റോഡുകൾ പുനർ നിർമ്മിക്കുന്നതിന് വേണ്ടി പദ്ധതി ഭേദഗതി ചെയ്ത് അംഗീകാരം വാങ്ങുകയുണ്ടായി.

ഇത്തരത്തിൽ പ്രളയാനന്തരകേരളത്തിന്റെ പുനഃസൃഷ്ടിയ്ക്കായുള്ള പരിശ്രമം നടക്കുന്ന ഘട്ടത്തിലാണ് നമ്മുടെ ബജറ്റ് അവതരിപ്പിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ഇതിന് ശക്തിപകരുന്ന വകയിരുത്തലുകളാണ് മാറ്റിവെയ്ക്കേണ്ടത്. നടപ്പുവർഷം നമ്മുടെ പദ്ധതി ചെലവ് ഇതുവരെ 58.30 ശതമാനമായി എന്നത് ഇക്കാര്യത്തിൽ നാം നടത്തിയ ജാഗ്രതയുടെ വിജയമാണ്. കഴിഞ്ഞ വർഷം നാം ഏറ്റെടുത്ത അംഗനവാടി കെട്ടിടത്തിനുള്ള സഹായം നൽകുന്ന

പദ്ധതി നിരവധി തടസ്സങ്ങൾ മറികടന്ന് നടപ്പിലാക്കാനായി വിവിധ പഞ്ചായത്തുകളിലായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടെ 60 അംഗനവാടികൾക്ക് ധനസഹായം നൽകാൻ കഴിഞ്ഞു. ആർദ്രം പദ്ധതിയുടെ ഭാഗമായി 2 പി.എച്ച്.എസികൾക്ക് സഹായം നൽകി. പ്ലാസ്റ്റിക് സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കുന്നതിന് അരൂർ പഞ്ചായത്തിന് വിഹിതം നൽകി. ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനരഹിതർക്ക് വീട് നൽകുന്നതിന് 10,60,71,364/- രൂപ വിവിധ പഞ്ചായത്തുകൾക്ക് വിതരണം ചെയ്തു. പട്ടണക്കാട് സ്കൂളിനും പള്ളിപ്പാട് പട്ടികജാതി ട്രെയിനിംഗ് സെന്ററിനും സ്ഥലം വാങ്ങാൻ കഴിഞ്ഞത് എടുത്തുപറയേണ്ട നേട്ടമാണ്.

വിവിധ കുടിവെള്ള പദ്ധതിയ്ക്കായി 1,15,67,200/- രൂപ വാട്ടർ അതോറിട്ടിക്കും 55,00,000/- രൂപ ഭൂജല വകുപ്പിനും അടവാക്കുകയുണ്ടായി. നാളികേര വികസന പദ്ധതിയ്ക്ക് 15,00,000/- രൂപ ചെലവഴിക്കുകയും ബണ്ടുകളിൽ 17777 എണ്ണം തെങ്ങുകൾ വെച്ചുപിടിപ്പിക്കുന്നതിന് സഹായം നൽകുകയും ചെയ്തു. നെൽകൃഷിക്ക് സഹായത്തിനായി 30,96,076/- രൂപ വിതരണം ചെയ്തു. തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള പദ്ധതി ഒരിടവേളയ്ക്ക്ശേഷം പുനരാരംഭിക്കാൻ കഴിഞ്ഞു.

ഹൈസ്ക്കൂളുകൾക്കും ഹയർ സെക്കണ്ടറികൾക്കും ആവശ്യമായ ബഞ്ചും ഡസ്ക്കും നൽകാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. എസ്.എസ്.എ. പദ്ധതിയ്ക്കായി 1.5 കോടി രൂപ നൽകി കഴിഞ്ഞു. തുല്യത പദ്ധതി പ്രകാരം 217 പഠിതാക്കൾക്ക് പത്താംതരം തുല്യത പരീക്ഷയ്ക്കും 306 പഠിതാക്കൾക്ക് ഹൈസ്ക്കൂൾ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള തുക നൽകുകയുണ്ടായി. നമ്മുടെ ജില്ലയിലെ തുല്യത പഠിതാവ് കാർത്യായനിയമ്മയ്ക്ക് അന്തരാഷ്ട്ര അംഗീകാരം നേടിയത് അഭിമാനകരമാണ്. ജില്ലയുടെ സാംസ്ക്കാരിക സ്മരണിക തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം അന്തിമ ഘട്ടത്താലാണ്. 202 കുട്ടികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുകയുണ്ടായി. പട്ടികജാതി കുടുംബങ്ങൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 86 ലക്ഷം രൂപ നൽകുകയുണ്ടായി. സ്കൂൾ വിദ്യാർത്ഥികളുടെ ഹാജർ പോലീസുമായി ചേർന്ന് മോണിട്ടർ ചെയ്യുന്നതിന് ശ്രമമാരംഭിച്ചു.

50 ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ടും 3,50,000 ൽപരം പേർക്ക് പാലിന് സബ്സിഡിയും നൽകി. ശാരീരിക വൈകല്യമുള്ള 53 പേർക്ക് മുച്ചക്ര വാഹനം നൽകുന്നതിനുള്ള പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ജില്ലയിലെ എച്ച്.ഐ.വി. ബാധിതർക്ക് പോഷകാഹരം നൽകുന്ന പ്രവർത്തനം മുടക്കമില്ലാതെ നടത്തിവരുന്നു. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 1,37,23,850/- രൂപ പഞ്ചായത്തുകൾക്ക് നൽകി കഴിഞ്ഞു. അംഗനവാടി കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനായി 72 ലക്ഷം രൂപ വിതരണം ചെയ്തു. അമൃതം ന്യൂട്രിമിക്സ് നിർമ്മിക്കുന്ന 10 യൂണിറ്റുകൾക്ക് ധനസഹായം നൽകി.

ആരോഗ്യ രംഗത്ത് ചെങ്ങന്നൂർ ജില്ലാ ആശുപത്രി, മാവേലിക്കര ജില്ലാ ആശുപത്രി, ജില്ലാ ആയുർവ്വേദ ആശുപത്രി, ജില്ലാ ഹോമിയോ ആശുപത്രി എന്നീ ജില്ലാപഞ്ചായത്ത് സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും മരുന്നുകളും ചികിത്സാ ഉപകരണങ്ങളും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

ചെങ്ങന്നൂർ – മാവേലിക്കര ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ നൽകി. മാവേലിക്കര ജില്ലാ ആശുപത്രിയിൽ സോളാർ വൈദ്യുതിക്കാവശ്യമായ പ്രവർത്തനം പുരോഗമിക്കുന്നു. പാലിയേറ്റീവ് കെയർ പദ്ധതിയും മൊബൈൽ ക്യാൻസർ പരിശോധന ക്യാമ്പും ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നു. ജില്ലാ ആയൂർവ്വേദ ആശുപത്രിയിലെ എക്സറെ യൂണിറ്റും ഏനോ–റെക്ടൽ ക്ലിനിക്കും എടുത്ത് പറയേണ്ടവയാണ്. ഇവിടുത്തെ കെട്ടിടത്തിന്റെ പുനർനിർമ്മാണം പൂർത്തീകരിച്ചാൽ ഇത് ഒരു മാതൃകാ ആശുപത്രിയാക്കാൻ കഴിയും.

ഇതിനോടകം നടപ്പുവർഷം 25 പാടശേഖരങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 55 റോഡുകൾ പുനർ നിർമ്മിച്ചു. 5 കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്തി. 30 സ്കൂൾ കെട്ടിടങ്ങൾ നവീകരിച്ചു.

സാമ്പത്തിക വർഷം അവസാനിക്കുവാൻ ദിവസങ്ങൾ മാത്രമെ അവശേഷിക്കുന്നുള്ളു. തനത് വർഷം ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഓരോ ജില്ലാപഞ്ചായത്തംഗവും ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ചരിത്രത്തിലാദ്യമായി നമ്മുടേത് ഉൾപ്പെടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനവും അടുത്ത വർഷത്തെ പദ്ധതികൾ ഈ വർഷം ഫെബ്രുവരിയ്ക്ക് മുന്നേ തന്നെ അംഗീകാരം നേടിയ ശേഷമാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത്. നവകേരളം പരിപാടിയുടെ ഭാഗമായി ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകൾക്ക് അനുപൂരകമായ പദ്ധതികളാണ് അടുത്ത വർഷം നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. ജില്ലയിലെ വിവിധ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. സാമൂഹ്യസുരക്ഷയും സമഗ്ര വികസനവും സംയോജിപ്പിച്ചുള്ള പദ്ധതികളാണ് ലക്ഷ്യമിടുന്നത്.

അടിസ്ഥാന സൗകര്യങ്ങൾ വികസിക്കപ്പെടുന്നതോടൊപ്പം ജില്ലയിലെ കാർഷിക സമൃദ്ധി വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും പരമ്പരാഗത തൊഴിൽ മേഖല സംരക്ഷിക്കുന്നതിനും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാർ, കുട്ടികൾ, മുതിർന്ന പൗരന്മാർ, രോഗബാധിതർ, ട്രൻസ്ജന്ററുകൾ എന്നിവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ തിളക്കമാർന്ന ഏടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പെരുമ്പളത്തെ തേവൻ സ്മാരകത്തിന് തുക നീക്കിവയ്ക്കുന്നത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

ഓഖി തീരദേശ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ രക്ഷകരായ മത്സ്യത്തൊഴിലാളി സമൂഹത്തിനായി തീരദേശ മേഖലയുടെ സംരക്ഷണം ഉറപ്പാക്കുവാൻ വിവിധ ഏജൻസികളുടെ സഹായത്തോടെ പദ്ധതികൾ രൂപീകരിക്കുന്നതും ആയതിന് ജില്ലാപഞ്ചായത്ത് വിഹിതം നൽകുന്നതുമായിരിക്കും.

ആലപ്പുഴ ജില്ലയുടെ ടൂറിസം സാധ്യതകളെ കൂടുതൽ ആകർഷകമാക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കും.

സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ ബഹുദൂരം നമ്മൾ മുന്നിൽ പോയിട്ടുണ്ടെങ്കിലുംഇനിയും ഏറെ ചെയ്യാനുണ്ട് എന്നതാണ് വസ്തുത. ആയതിലേക്ക് ഇതുവരെ ആരും കടന്ന് ചെന്നിട്ടില്ലാത്ത മേഖലകൾ കണ്ടെത്തുകയും വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നതാണ്. അടിയന്തിര സാഹചര്യങ്ങളും അത്യാഹിത സന്ദർഭങ്ങളും ഉണ്ടാകുമ്പോൾ ഉണർന്ന് പ്രവർത്തിക്കുന്നതിന് സ്ത്രീകളെ സജ്ജരാക്കുന്നതിനും രക്തദാനം ചെയ്യുന്നതിനും രക്തഗ്രൂപ്പ് അടക്കം അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി കൊണ്ട് ഹെൽത്ത് കാർഡ് നൽകി സന്നദ്ധ പ്രവർത്തക ഗ്രൂപ്പ് രൂപീകരിക്കുന്നതാണ്.

കേരള ഗവൺമെന്റ് ആവിഷ്ക്കരിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന വിദ്യാഭ്യാസ പരിഷ്ക്കാര പദ്ധതിയുമായി ബന്ധപ്പെട്ട് നമ്മുടെ വിദ്യാലയങ്ങൾ എല്ലാം തന്നെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിലും അക്കാദമിക്ക് മികവിന്റെ കാര്യത്തിലും ബഹുദൂരം മുന്നേറുകയും നമ്മുടെ പൊതു വിദ്യാലയങ്ങളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ കഴിയുകയും ചെയ്തു എന്നത് വലിയ നേട്ടമാണ്.

സാംസ്ക്കാരിക ഇടങ്ങളാൽ സമൃദ്ധമായ നമ്മുടെ ജില്ലയുടെ സാമൂഹ്യ സാംസ്ക്കാരിക മുന്നേറ്റത്തിന്റെ അടയാളപ്പെടുത്തലുകൾ അനിവാര്യമായ കാലമാണിത്. നമ്മുടെ സാംസ്ക്കാരിക നായകന്മാർ മുന്നോട്ടുവെച്ച പുരോഗതിയുടെ ആശയങ്ങൾ ഓർമ്മിക്കപ്പെടേണ്ടതായിട്ടുണ്ട്. ഗ്രാമപൈതൃകങ്ങളിലേക്ക് നാം പോകേണ്ടതായിട്ടുണ്ട്. കേരള സംസ്ഥാന ലളിതകലാ അക്കാദമി നന്ദികേശ ശില്പ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള നൂറനാട് പടനിലത്ത് ആയവയുടെ സംരക്ഷണത്തിനായി മ്യൂസിയം നിർമ്മിക്കുന്നതിന് ജില്ലാപഞ്ചായത്തിന്റെ പങ്ക് നിർവ്വഹിക്കുന്നതാണ്.

**'പ്രവാസിത'** എന്ന പേരിൽ ഗൾഫ് രാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ സ്ത്രീകളുടെ ഇപ്പോഴത്തെ വിവരങ്ങൾ ശേഖരിക്കുകയും അവരെ പൊതു സമൂഹധാരയിൽ എത്തിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കും.

**'കലാശ്രീ'** എന്ന പേരിൽ കേരളത്തിന്റെ പരമ്പാരാഗത കലാരൂപങ്ങൾ, ആയോധന കലകൾ എന്നിവ അഭ്യസിപ്പിക്കുകയും വിവിധ മേഖലകളിൽ അവരുടെ പ്രകടനങ്ങൾ വിനയോഗിക്കുകയും ചെയ്യും.

ഇതര സംസ്ഥാന തൊഴിലാളികൾ ഏറെ അധിവസിക്കുന്ന നമ്മുടെ ജില്ലയിൽ അവരുടെ സാമൂഹ്യ - സാമ്പത്തിക - വിദ്യാഭ്യാസ സർവ്വെ നടത്തി ആരോഗ്യ പരിരക്ഷയും വിദ്യാഭ്യാസവും നൽകുന്നതിന് ആവശ്യമായ പദ്ധതി **'തേജസ്വിനി'** എന്ന പേരിൽ നടപ്പിലാക്കും.

ക്യാൻസർ നിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ പദ്ധതികൾ തുടരുന്നതാണ്.

ജലാശയങ്ങൾക്കും പരിസ്ഥിതിക്കും ഏറെ ദോഷകരമായ മാലിന്യ പ്രശ്നമായി മാറിയിരിക്കുന്ന പോളകളുടെ നിർമ്മാർജ്ജനം അനിവാര്യമായ ദൗത്യമാണ്. ഈ സാഹചര്യത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ പോളകൾ സംസ്ക്കരിച്ച്

കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന പദ്ധതി പരീക്ഷണ അടിസ്ഥാനത്തിൽ ആവിഷ്ക്കരിക്കുന്നതാണ്.

ആലപ്പുഴയുടെ പുനർ നിർമ്മിതിയ്ക്ക് പ്രളയകാലത്തെന്നവണ്ണമുള്ള ഐക്യത്തോടെ പ്രവർത്തിക്കേണ്ട ഈ ഘട്ടത്തിൽ ഇവിടെ നിർദ്ദേശിക്കപ്പെടുന്ന ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം എന്ന് അഭ്യർത്ഥിച്ചും അതിനായി ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ടും പൊതുവിൽ സാമൂഹ്യ പുരോഗതിയും നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുകയും ചെയ്തുകൊണ്ടുള്ള നമ്മുടെ ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച ബജറ്റ് 2019-20 ലെ ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ ബജറ്റ് അവതരിപ്പിക്കുന്നതിനായി വൈസ് പ്രസിഡന്റ് ശ്രീമതി മണി വിശ്വനാഥിനെ ക്ഷണിച്ചുകൊള്ളുന്നു.

ജി. വേണുഗോപാൽ
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

# ആലപ്പുഴ ജില്ലാ പഞ്ചായത്ത്

# ബജറ്റ് 2019 - 20

ബഹുമാന്യ സഭാംഗങ്ങളെ,

2019-20 ലെ ആലപ്പുഴ ജില്ലാപഞ്ചായത്ത് ബജറ്റ് ഈ മഹനീയ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നതിൽ എനിക്ക് തികഞ്ഞ അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. ശ്രീ. ജി. വേണുഗോപാൽ പ്രസിഡന്റായിട്ടുള്ള നിലവിലുള്ള ഭരണസമിതിയുടെ നാലാമത്തെ ബജറ്റാണ് ഇന്നവതരിപ്പിക്കുന്നത്.

കേരവൃക്ഷങ്ങളുടെ നാട്, സുഗന്ധ വ്യഞ്ജനങ്ങളുടെ നാട് എന്നീ വിശേഷണങ്ങൾ ഉള്ള നമ്മുടെ കേരളം, സമ്പൽ സമൃദ്ധിയുടെ നാട് ആണ്. അതുകൊണ്ടുതന്നെ പ്രകൃതി സൗന്ദര്യം കനിഞ്ഞനുഗ്രഹിച്ച നമ്മുടെ നാടിനെ "ദൈവത്തിന്റെ സ്വന്തം നാട്" എന്ന് വിദേശികൾ വിളിച്ചു. സുഗന്ധ വ്യഞ്ജനങ്ങളുടെ റാണി എന്നു വിളിക്കുന്ന ഏലവും, വെളുത്ത സ്വർണ്ണം എന്നുവിളിക്കുന്ന കശുവണ്ടിയും, കറുത്ത സ്വർണ്ണം എന്നുവിളിക്കുന്ന കുരുമുളകും ആയിരുന്നു വിദേശികളെ ഇവിടേക്ക് ആകർഷിച്ചതും നമ്മെ അടക്കി ഭരിക്കാൻ കാരണമായതും. അധ്വാനിച്ചാൽ പൊന്നുവിളയുന്ന മണ്ണ് നമ്മുടെ അനുഗ്രഹം ആണ്. ആലപ്പുഴയെ കായലുകളുടെ നാട് എന്ന് വിളിക്കുന്നു. ഇവിടുത്തെ ജലസ്രോതസ്സുകൾ തന്നെയാണ് അതിന് കാരണവും. വിനോദസഞ്ചാരത്തിന്റെ ഭാഗമായ കായലുകൾ വിദേശികളുടെ പ്രധാന ആകർഷണം ആണ്. 1927 ൽ രാജാക്കന്മാരിൽ സംഗീതജ്ഞൻ എന്നുവിളിക്കുന്ന സ്വാതിതിരുനാൾ ആണ് കേരളത്തിൽ കൃഷി വകുപ്പ് ആരംഭിച്ചത്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്നത് കായംകുളത്താണ്. ആ സ്ഥാപനത്തിന്റെ പങ്ക്, കാർഷിക മേഖലയിൽ പ്രാധാന്യം അർഹിക്കുന്നതാണ്. കേരളത്തിന്റെ നെല്ലറ എന്നുവിശേഷിപ്പിക്കുന്ന സ്ഥലം കുട്ടനാട് ആണ്. സമുദ്ര നിരപ്പിന് താഴെ കൃഷി ചെയ്യുന്ന കേരളത്തിലെ ഒരേഒരു സ്ഥലം കുട്ടനാട് ആണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. ആയതിനാൽ കേരളത്തിന്റെ കാർഷിക ഭൂപടത്തിൽ നിന്നും ഒഴിച്ചു നിർത്താൻ കഴിയാത്ത നമ്മുടെ ആലപ്പുഴയുടെ കാർഷിക മേഖലയുടെ വികസനം ജില്ലാപഞ്ചായത്ത് വളരെ ഫലപ്രാപ്തിയോടെ കൈകാര്യം ചെയ്യുമെന്ന് ഞാൻ ഉറപ്പ് നൽകുന്നു. മങ്കൊമ്പ് നെല്ലുഗവേഷണ കേന്ദ്രം കുട്ടനാടിന് നൽകുന്ന പ്രോത്സാഹനം വളരെ വലുതാണ്. അതുകൊണ്ടുതന്നെ ബസുമതി അരി ആദ്യം വികസിപ്പിച്ചെടുത്ത മധ്യതിരുവിതാം കൂറിലെ ആദ്യ ജില്ലയായും ഏറ്റവും കൂടുതൽ നെല്ല് ഉത്പാദിക്കുന്ന രണ്ടാം ജില്ലയായും ആലപ്പുഴ തുടരുന്നു.

ഈ നിലയിൽ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യം വച്ചുകൊണ്ട് സ്ത്രീ ശാക്തീകരണം ഉറപ്പാക്കി നവോത്ഥാന മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ടുള്ള ജില്ലാപഞ്ചായത്ത് ബജറ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

പ്രകൃതി വിഭവങ്ങൾ നമ്മുക്ക് മാത്രം ആസ്വദിക്കാനുള്ളതല്ല. അത് വരുംതലമുറയ്ക്ക് കൂടി ഉള്ളതാണ്. അവരുടെ അവകാശമാണ്. അതിനെ പരിപാലിച്ചുകൊണ്ട് വേണം വികസനം എന്ന ലക്ഷ്യം കൈവരിക്കാൻ. അതിനുവേണ്ടിയുള്ളതാകണം ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ എന്ന് ഞാൻ ആഗ്രഹിക്കുന്നു.

സർവ്വതും നശിപ്പിച്ച മഹാപ്രളയത്തിന് ശേഷം ഒരു പുതുകേരളം സൃഷ്ടിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പരിശ്രമങ്ങൾക്കിടയിലാണ് ഞാൻ ഇവിടെ ബജറ്റ് അവതരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ ജില്ലയിലെ ഗ്രാമീണ മേഖലയിൽ സമഗ്രമായ പുനർ നിർമ്മാണത്തിന് ആവശ്യമായ വകയിരുത്തലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നവകേരളം പരിപാടിയിൽ ഉൾപ്പെട്ട ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയുടെ സ്വാധീനം നമ്മുടെ പദ്ധതികളിൽ പ്രകടമാണ്.

ജില്ലാപഞ്ചായത്തിന്റെ ചുമതലയിലുള്ള സ്ഥാപനങ്ങളായ മാവേലിക്കര, ചെങ്ങന്നൂർ ജില്ലാ ആശുപത്രികൾ, ജില്ലാ ആയൂർവ്വേദ ആശുപത്രി, ജില്ലാ ഹോമിയോ ആശുപത്രി, 46 ഹൈസ്ക്കൂളുകൾ, 33 ഹയർ സെക്കന്ററി സ്കൂളുകൾ, 8 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട്, ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, വീയപുരം, അറുന്നൂറ്റിമംഗലം വിത്തുൽപ്പാദന കേന്ദ്രങ്ങൾ, ജില്ലാ വെറ്ററിനറി കേന്ദ്രം, കാഫ് ഫീഡിംഗ് സെന്റർ, ജന്റർപാർക്ക് തുടങ്ങിയ സ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് കാലാകാലങ്ങളായി നടത്തി വരുന്ന പരിശ്രമം കൂടുതൽ ശക്തമാക്കേണ്ടതുണ്ട്.

ജില്ലയിലെ ഒട്ടുമിക്ക വകുപ്പ് മേധാവികളും ജില്ലാപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ എന്ന നിലയിൽ ജില്ലാപഞ്ചായത്തിന്റെ എക്സ് ഓഫീഷ്യോ സെക്രട്ടറിമാരാണ്. ഇവർ മുഖാന്തിരം ഈ വകുപ്പുകളെ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനും ഇവിടങ്ങളിൽ നിന്നുള്ള സേവനങ്ങൾ ജനോന്മുഖമാക്കുന്നതിനും നിരന്തരമായ ഇടപെടൽ ആവശ്യമാണ്. ജില്ലയിലെ ഇപ്രകാരമുള്ള എല്ലാ ഓഫീസുകളെയും നയിക്കേണ്ടുന്ന ജില്ലാ സെക്രട്ടറിയേറ്റ് എന്ന നിലയിൽ ജില്ലാപഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം സജ്ജമാക്കേണ്ടതുണ്ട്. ജില്ലാപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ സ്ഥല പരിമിതി ഒരു വെല്ലുവിളിയാണ്. ഇത് പരിഹരിക്കുന്നതിന് കോൺഫറൻസ് ഹാളിന്റെ പിൻഭാഗത്ത് 3 നിലയിലുള്ള ഒരു എക്സ്റ്റൻഷൻ പ്രവർത്തി നടപ്പുവർഷം ഏറ്റെടുത്ത് നിർവ്വഹണ ഘട്ടത്തിലാണ്. നിലവിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും

ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതിന് ഈ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ട്. നടന്നുകൊണ്ടിരിക്കുന്ന ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ പൂർത്തീകരിച്ചാൽ മാത്രമേ ജില്ലാപഞ്ചായത്ത് കാര്യാലയം **പേപ്പർലെസ്സ് ഓഫീസ്** എന്ന നിലയിലേക്ക് ഉയർത്തുവൻ സാധിക്കൂ. ഇത് അടുത്ത സാമ്പത്തിക വർഷം പൂർത്തീകരിക്കപ്പെടണം. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന്റെ ഫർണീഷിംഗ് പ്രവർത്തികൾ പൂർത്തീകരിച്ച് കഴിഞ്ഞു. ജില്ലാപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകളായ ജില്ലാ മണ്ണുസംരക്ഷണ ഓഫീസ്, ജില്ലാ സാക്ഷരതാ മിഷൻ, ദാരിദ്ര്യ ലഘൂകരണ വിഭാഗം എന്നിവയും മെച്ചപ്പെടുത്തേണ്ടതുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ ജില്ലാപഞ്ചായത്ത് കാര്യാലയം പൂർണ്ണമായും നവീകരിക്കപ്പെടണം.

കാർഷിക മേഖല ജില്ലാപഞ്ചായത്ത് എന്നും അതീവ ശ്രദ്ധ ചെലുത്തിയിട്ടുള്ള മേഖലയാണ്. ജില്ലയിലെ കാർഷിക സമൃദ്ധി നിലനിർത്തുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ ഏറ്റെടുക്കുവൻ ഉദ്ദേശിക്കുന്നു. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ പ്രളയാനന്തര കാർഷിക വൃത്തികൾ കൂടുതൽ കരുതലോടെ നടത്തുന്നതിന് പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. **നെൽകർഷകർക്ക് സബ്സിഡി നൽകുന്നതിന് 50 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്. ജില്ലയിലെ പാടശേഖരങ്ങളിൽ പ്രളയത്തെ അതിജീവിക്കുവാൻ കഴിയുന്ന **മോട്ടോർ ചിറയും,മോട്ടോർ ഷെഡ്ഡും നിർമ്മിക്കുന്നതിന് 2.52 കോടി രൂപ** വകയിരുത്തിയിട്ടുണ്ട്. എല്ലാ പുറംബണ്ടുകളിലും **തെങ്ങിൻതൈ വയ്ക്കുന്നതിന് 50 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്. **കേരഗ്രാമ പദ്ധതിയ്ക്കായി** ജില്ലാപഞ്ചായത്ത് **20 ലക്ഷം** രൂപ വകയിരുത്തിയിരിക്കുന്നു.

പ്രളയകാലത്ത് കേരളത്തിന്റെ രക്ഷകരമായി മാറിയ മത്സ്യത്തൊഴിലാളികൾക്ക് കേരള സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് അനുപൂരകമായ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഉൾനാടൻ തീരദേശ മത്സ്യ തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ 2019-20 ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. **ഒരു നെല്ലും ഒരു മീനും** പദ്ധതി വ്യാപിപ്പിക്കുന്നതിന് **10 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്. മൂല്യവർദ്ധിത മത്സ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. **മത്സ്യം ഉണക്കി വിൽപ്പന നടത്തുന്നതിന്** ധനസഹായം നൽകുന്നതിന് **15 ലക്ഷം രൂപയും** മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് **ലാപ്ടോപ്പ്** നൽകുന്നതിന് **20 ലക്ഷം രൂപയും** നീക്കി വെച്ചിട്ടുള്ളത് ഈ കുടുംബങ്ങൾക്ക് സഹായകരമാകും.

പച്ചക്കറി ഉൽപ്പാദനത്തിലും ജില്ലയ്ക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ആവശ്യമായ തുക നീക്കി വെച്ചിട്ടുണ്ട്. പച്ചക്കറി കൃഷിക്ക് **കൂലിച്ചെലവ് സബ്സിഡി** നൽകാൻ മാത്രം **50 ലക്ഷം രൂപ**യാണ് വകയിരുത്തിയിട്ടുള്ളത്. ഇത് കൂടാതെ **തരിശുഭൂമിയിൽ കൃഷി** പ്രോത്സാഹിപ്പിക്കുന്നതിന് **30 ലക്ഷം രൂപ** പ്രത്യേകം മാറ്റി വെച്ചിട്ടുണ്ട്.

പാൽ ഉൽപ്പാദനത്തിൽ മിച്ചം കൈവരിച്ച ജില്ലയായിരുന്നു ആലപ്പുഴ. എന്നാൽ പ്രളയം മൂലം ഉണ്ടായ കന്നുകാലികളുടെ നഷ്ടം പാൽ ഉൽപ്പാദനത്തെ ഗണ്യമായി കുറച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് ബോധപൂർവ്വമായ ഇടപെടൽ ഉദ്ദേശിക്കുന്നു. ഇതിനായി ക്ഷീര സഹകരണ സംഘങ്ങൾക്ക് **റിവോൾവിംഗ് ഫണ്ട്** നൽകുന്നതിനായി **1.3 കോടി രൂപയും സമഗ്ര കന്നുകാലി ഇൻഷുറൻസിന് 20 ലക്ഷം രൂപയും** നൽകുന്നതോടൊപ്പം 10 ലക്ഷം രൂപ പാൽ ഉൽപ്പാദനത്തിന് സബ്സിഡിയായും നൽകുന്നതിന് നീക്കി വെച്ചിട്ടുണ്ട്. **വൈക്കോൽ ശേഖരിച്ച്** സബ്സിഡി നിരക്കിൽ ക്ഷീരസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് **വിതരണം ചെയ്യുന്നതിനുള്ള** പദ്ധതിയ്ക്കായി പരീക്ഷണാടിസ്ഥാനത്തിൽ **10 ലക്ഷം രൂപ** നീക്കി വെച്ചിട്ടുണ്ട്. വിജയകരമാണെങ്കിൽ കൂടുതൽ തുക വകയിരുത്തുന്നതാണ്. **പോള സംസ്ക്കരണത്തിലൂടെ കുറഞ്ഞ ചെലവിൽ കാലിത്തീറ്റ പദ്ധതിയ്ക്കായി 8.50 ലക്ഷം രൂപ** നീക്കി വച്ചിട്ടുണ്ട്. ക്ഷീരകർഷകർ, താറാവ്, കോഴി കർഷകർ ഉൾപ്പെടെയുള്ള മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജില്ലാ വെറ്റിനറി കേന്ദ്രം വഴി **മൃഗസംരക്ഷണ മരുന്നുകൾ ലഭ്യമാക്കുവാൻ 23 ലക്ഷം രൂപ** നീക്കിവെച്ചിട്ടുണ്ട്.

നമ്മുടെ ജില്ലയുടെ സവിശേഷതയാണ് പരമ്പാരഗത വ്യവസായങ്ങൾ കയർ മേഖല ഉൾപ്പെടെയുള്ള ഇത്തരം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്. വനിതകളുടെ **ഇഷ്ടിക നിർമ്മാണ യൂണിറ്റിന് 90 ലക്ഷം** രൂപയും **തൊണ്ട് ശേഖരണ യൂണിറ്റുകൾക്ക് 50 ലക്ഷം രൂപയും** വകയിരുത്തിയിട്ടുണ്ട്. പ്ലാസ്റ്റിക്കുകൾ ഒഴിവാക്കുന്നതിനായി ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിന് വേണ്ടി **പേപ്പർ ക്യാരിബാഗ്, ക്ലോത്ത് ബാഗ്, ബിഗ്ഷോപ്പർ നിർമ്മാണ യൂണിറ്റു**കളെ സഹായിക്കുന്നതിന് ഈ വർഷം **10 ലക്ഷം രൂപ**യാണ് മാറ്റിവെച്ചിട്ടുള്ളത്.

ലോകം വളരെ ശ്രദ്ധയോടെ വീക്ഷിക്കുന്ന പദ്ധതിയാണ് **ഹരിതകേരളം.** വികസനത്തിനുള്ള മുറവിളികൾ പലപ്പോഴും പ്രകൃതിയെതന്നെ ഇല്ലാതാക്കുമ്പോൾ നഷ്ടപ്പെട്ട പ്രകൃതി സമ്പത്ത് വീണ്ടെടുക്കുന്നതിനും അവശേഷിച്ചവ ഭാവിതലമുറയ്ക്കായി കരുതലോടെ കാത്തുസൂക്ഷിക്കുന്നതിനും കേരളം ഏറ്റെടുത്ത ഹരിതകേരളം പദ്ധതി കാലാവസ്ഥ വ്യതിയാന ഭീക്ഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ വികസിത രാഷ്ട്രങ്ങളുടെ പോലും ശ്രദ്ധനേടിക്കഴിഞ്ഞു. കൃഷിയും ശുചിത്വവും ഇതിന്റെ രണ്ട് പ്രധാന മേഖലകളാണ്. ജലസംരക്ഷണമാണ് ഹരിതകേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മൂന്നാമത്തെ മേഖല. നമ്മുടെ ജില്ലയിൽ കഴിഞ്ഞ രണ്ടുവർഷക്കാലത്തിനുള്ളിൽ വീണ്ടെടുത്ത ജലാശയങ്ങൾ വരുംതലമുറയ്ക്കായി നാം നടത്തിയ നിക്ഷേപമാണ്. ഇതിന്റെ തുടർച്ചയായി **സുജലം** എന്ന പേരിൽ തോടുകളും കുളങ്ങളും ശുചിയാക്കുവാൻ **1.45 കോടി രൂപ** ഈ വർഷം നീക്കി വെച്ചിട്ടുണ്ട്. **താമരച്ചാൽ, കരിപ്പേൽച്ചാൽ നവീകരണത്തിന്** സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന **2 കോടി 30 ലക്ഷം രൂപ** അടങ്കൽ വരുന്ന സമഗ്ര പദ്ധതിയ്ക്ക് ഈ വർഷം ജില്ലാപഞ്ചായത്ത് വിഹിതമായി 50 രൂപ നീക്കി വെച്ചിട്ടുണ്ട്.

**ആർദ്രം** മിഷനിലൂടെ കേരളത്തിലെ ആരോഗ്യ മേഖലയിൽ ഉണ്ടായ നവോന്മേഷം ജില്ലയിലെ ആരോഗ്യ കേന്ദ്രങ്ങളിലും ദൃശ്യമാണ്. ഇടക്കാലത്ത് സ്വകാര്യ ആശുപത്രി മുതലാളിമാരുടെ ചൂഷണത്തിന് വിധേയരായ സാധാരണക്കാരയ രോഗികളെ പൊതുജനാരോഗ്യ മേഖലയിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ നടത്തിയ ശ്രമം വിജയം കണ്ടിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ ഉച്ചയ്ക്കുശേഷം ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലിനെ ഈ അവസരത്തിൽ സ്മരിക്കാതെ വയ്യ. ആരോഗ്യ മേഖലയിൽ കഴിഞ്ഞ രണ്ട് വർഷമായി നാം ഫലപ്രദമായി നടത്തിവരുന്ന **സഞ്ചരിക്കുന്ന ക്യാൻസർ നിർണ്ണയ ക്യാമ്പ്** തുടരുന്നതിനാവശ്യമായ **34 ലക്ഷം** രൂപ ഈ വർഷവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട എല്ലാ **പി.എച്ച്.എസികൾക്കും നവീകരണത്തിന് 1 കോടി രൂപ**യാണ് നീക്കിവെച്ചിട്ടുള്ളത്. വളരെ മാതൃകാപരമായി **പാലിയേറ്റീവ്** രംഗത്ത് ഇടപെടുന്ന **സൊസൈറ്റികളെ സഹായിക്കുന്നതിനുള്ള** പദ്ധതി അടുത്ത വർഷവും തുടരുന്നതിനായി **72 ലക്ഷം** രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിന് ഗ്രാമപഞ്ചായത്തുകൾക്കായി നീക്കിവെച്ചിട്ടുള്ള 50 ലക്ഷം രൂപയ്ക്ക് പുറമേയാണിത്. ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി **ദന്തൽ എക്സറെ യൂണിറ്റ്** ആരംഭിക്കുവാൻ **10 ലക്ഷം രൂപ**യും മാവേലിക്കര ജില്ലാ ആശുപത്രി **പി.പി. യൂണിറ്റും എൻ.സി.ഡി. ക്ലിനിക്കും സജ്ജീകരിക്കുവാൻ 7 ലക്ഷം** രൂപയും വകയിരുത്തിയിട്ടുണ്ട്. മാവേലിക്കര ആശുപത്രിയിലേയ്ക്കായി **ആംബുലൻസ്** വാങ്ങുന്നതിന് **20 ലക്ഷം** രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവിടെ **കുട്ടികളുടെ വാർഡ് നവീകരിക്കുന്നതിന് 6 ലക്ഷം രൂപ** നീക്കി വെച്ചിട്ടുണ്ട്. ചെങ്ങന്നൂർ, മാവേലിക്കര ജില്ലാ ആശുപത്രികളിലെ **ഡയാലിസിസ് യൂണിറ്റുകൾക്ക് 10 ലക്ഷം രൂപ**യും **ബ്ലഡ് ബാങ്കിന് 5 ലക്ഷം രൂപ**യും നീക്കിവെച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ചെങ്ങന്നൂർ ജില്ലാ ആശുപത്രി മാതൃകാ ആശുപത്രിയാക്കുന്നതിന് ആവശ്യമായ സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ തുകയും വകയിരുത്തിയിട്ടുണ്ട്. രണ്ടിടങ്ങളിലേയും **സെക്കന്ററി പാലിയേറ്റീവ്** പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് **10 ലക്ഷം** രൂപ നീക്കിവെച്ചിട്ടുണ്ട്.

ജില്ലാ ആയൂർവ്വേദ ആശുപത്രി ആധുനികവൽക്കരിച്ച് മാതൃക ആതുരാലയമാക്കി മാറ്റും. ഇതിനായി ഇപ്പോൾ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും ഈ വർഷം തന്നെ പൂർത്തീകരിക്കണം. ഇവിടെ **ഓഫീസ് മോഡേണൈസേഷന് 20 ലക്ഷം രൂപയും മരുന്ന് വാങ്ങുവാൻ 60 ലക്ഷം രൂപ**യും നീക്കി വെച്ചിട്ടുണ്ട്. **''ആയൂർ ആരാമം''** എന്ന പേരിൽ ആയൂർവ്വേദ ഹോളിസ്റ്റിക് സെന്റർ, ആയൂർവ്വേദ വാക്ക് ഇൻ ട്രീറ്റ്മെന്റ് സെന്റർ ഉൾപ്പെടെ ജനങ്ങൾക്ക് ആയൂർവ്വേദത്തിന്റെ അനന്തസാധ്യതകൾ അനുഭവഭേദ്യമാക്കുന്ന പദ്ധതിയ്ക്കായി

**40 ലക്ഷം** രൂപ വകയിരുത്തിയിരിക്കുന്നു. **ജില്ലാ ഹോമിയോ ആശുപത്രി**യ്ക്ക് ആവശ്യമായ **ഫർണീച്ചറുകളും, കമ്പ്യൂട്ടറുകളും** ലഭ്യമാക്കും. ഇതിനായി **9 ലക്ഷം** രൂപ നീക്കി വെച്ചിട്ടുണ്ട്. ആയുർവ്വേദ, ഹോമിയോ ആശുപത്രികളിൽ എല്ലാവിധ മരുന്നുകളും ഏത് സമയവും ലഭ്യമാണെന്ന് ഉറപ്പ് വരുത്തുന്നതാണ്. കുട്ടനാടൻ മേഖലയിലെ കുടുംബങ്ങൾക്ക് ചികിത്സ വീട്ടുമുറ്റത്ത് ലഭ്യമാക്കുന്നതിന് നാം ആരംഭിച്ച ഫ്ളോട്ടിംഗ് ഡിസ്പൻസറി ഏവരുടെയും പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. പ്രളയകാലത്ത് ഫ്ളോട്ടിംഗ് ഡിസ്പൻസറി വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്. **ഫ്ളോട്ടിംഗ് ആയുർവ്വേദ ആശുപത്രി**യിലേക്ക് ഈ വർഷം മരുന്നുവാങ്ങുവാൻ **10 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്.

ഭവന രഹിതരുടെ നീണ്ടനാളത്തെ ആശങ്കകൾക്ക് വിരാമിട്ടുകൊണ്ടാണ് കേരള സർക്കാർ **ലൈഫ്** പദ്ധതി നടപ്പിലാക്കിയത്. ഒന്നാം ഘട്ടത്തിൽ അറുപത്തയ്യായിരം വീടുകൾ പൂർത്തീകരിച്ചു. വിവിധ സ്കീമുകളിൽ ആദ്യഗഡുക്കൾ കൈപ്പറ്റി വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കപ്പെടാതിരുന്ന ആയിരങ്ങൾക്കാണ് ഒന്നാം ഘട്ടത്തിൽ തലചായ്ക്കാൻ ഒരിടം ലഭിച്ചത്. രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. ജില്ലയിൽ ആകെ **8346** ഗുണഭോക്താക്കൾ കരാർ വെച്ചുകഴിഞ്ഞു. ഇപ്രകാരം ഇവർക്ക് തുടർ ഗഡുക്കൾ നൽകുന്നതിന് **8 കോടി രൂപ** വകയിരുത്തിയിട്ടുണ്ട്.

നാം ഏറെ കരുതലോടെ പരിപാലിക്കേണ്ടവരാണ് പാർശ്വവൽക്കരിക്കപ്പെട്ടവർ. ഇവരെ എപ്പോഴും ചേർത്ത് പിടിച്ചാണ് ജില്ലാപഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. വരുംവർഷം **അംഗപരിമിതർക്ക് മുച്ചക്ര വാഹനം** വിതരണം ചെയ്യുന്നതിന് **70 ലക്ഷം രൂപ**യും **ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്** നൽകുന്നതിന് **1.25 കോടി രൂപ**യും ജില്ലയിലെ **എച്ച്.ഐ.വി. ബാധിതർക്ക്** പോഷകാഹാരം ലഭ്യമാക്കുന്നതിന് **5 ലക്ഷം** രൂപയും വകയിരുത്തിയിട്ടുണ്ട്. ഇപ്പോൾ അന്തസ്സോടെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിച്ചേർന്നിട്ടുള്ള **ട്രാൻസ്ജന്ററുകളെ** സഹായിക്കുന്നതിന് **10 ലക്ഷം രൂപ**യും വകയിരുത്തിയിട്ടുള്ളത് ഈ രംഗത്ത് ജില്ലാപഞ്ചായത്തിന്റെ ആദ്യ ചുവട് വയ്പ്പാണ്. **ബഡ്സ് സ്കൂളു**കളെയും **പകൽവീടു**കളെയും സഹായിക്കുന്നതിനാവശ്യമായി **1.8 കോടി രൂപ** വകയിരുത്തിയിട്ടുള്ളത് ഈ രംഗത്ത് ആലപ്പുഴ ജില്ലാപഞ്ചായത്ത് ചെലുത്തുന്ന അതീവ ശ്രദ്ധയ്ക്ക് ഉദാഹരണമാണ്. **കുട്ടികൾക്ക് ശ്രവണ സഹായി** നൽകുന്നതിന് **10 ലക്ഷം രൂപ**യും അംഗനവാടികൾ വഴി **പൂരക പോഷകാഹാരം** വിതരണം ചെയ്യുന്നതിന് **1.1 കോടി രൂപ**യും വിവിധ ബ്ലോക്കുകളിലെ **സ്ത്രീ സൗഹൃദ വയോജന സൗഹൃദ പദ്ധതികൾക്ക് 20 ലക്ഷം രൂപ**യും വകയിരുത്തിയിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ പുനരധിവാസ കേന്ദ്രമായ **ശ്രദ്ധാഭവനം** യാഥാർത്ഥ്യമാക്കുന്നതിന് **90 ലക്ഷം രൂപ**യാണ് നീക്കിവെച്ചിട്ടുള്ളത്.

വിവിധ **കുടിവെള്ള** പദ്ധതികൾക്കായി ഈ വർഷം നീക്കി വച്ചിട്ടുള്ളത് **1.1 കോടി** രൂപയാണ്. **തെരുവ് വിളക്ക്** സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി **1 കോടി രൂപ** മാറ്റിവച്ചിട്ടുണ്ട്. കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ പരീക്ഷണ അടിസ്ഥാനത്തിൽ **കുടിവെള്ള എ.റ്റി.എം.** സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. **മഴവെള്ള സംഭരണിക്ക് 10 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്. **ശ്മശാന** നിർമ്മാണത്തിന് **50 ലക്ഷം രൂപ**യാണ് നീക്കിവച്ചിട്ടുള്ളത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിലെമ്പാടുമെന്നതുപോലെ നമ്മുടെ ജില്ലയിലേയും പൊതുവിദ്യാലയങ്ങളെ ശാക്തീകരിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി ജില്ലാപഞ്ചായത്ത് നിയന്ത്രണത്തിലുള്ള **എല്ലാ സ്കൂളുകൾക്കും ഒരേ നിറം** നൽകുന്നിതിന് **90 ലക്ഷം രൂപ**യാണ് വകയിരുത്തിയിട്ടുള്ളത്. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ തീവ്രമാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ എല്ലാ പൊതുകെട്ടിടങ്ങളും സൗരോർജ്ജ നിർമ്മാണ കേന്ദ്രങ്ങളായി മാറ്റേണ്ടതുണ്ട്. നടപ്പുവർഷം മാവേലിക്കര ജില്ലാ ആശുപത്രിയിൽ നാം ഈ പ്രവർത്തനം ആരംഭിച്ചു. 2019-20 ൽ എല്ലാ **സർക്കാർ സ്കൂളുകളിലും സോളാർ വൈദ്യുതി** സ്ഥാപിക്കുന്നതിന് **20 ലക്ഷം രൂപ** ആദ്യഗഡുവായി വകയിരുത്തിയിട്ടുണ്ട്. അക്കാദമിക്ക് നിലവാരം ഉയർത്തുന്നതിനോടൊപ്പം സ്കൂൾ കെട്ടിടങ്ങൾ ആധുനികവൽക്കരിക്കലും **പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ**ത്തിന്റെ അനിവാര്യ ഘടകമാണ്. അൺ എയ്ഡഡ് സ്കൂളുകളെ കവച്ച് വയ്ക്കുന്ന അടിസ്ഥാന സൗകര്യങ്ങളാണ് സർക്കാർ വിദ്യാലയങ്ങളിൽ എർപ്പെടുത്തി വരുന്നത്. ഇതിന്റെ ഭാഗമായി ജില്ലയിലെ **ഹയർ സെക്കന്ററി സ്കൂളു**കളുടെ നവീകരണത്തിന് **4.4 കോടി രൂപ**യാണ് വകയിരുത്തിയിട്ടുള്ളത്. **കിടങ്ങറ ഗവ. ഹയർ സെക്കന്ററി സ്കൂൾ ഹൈടെക്ക്** ആക്കാൻ **40 ലക്ഷം രൂപ** ജില്ലാപഞ്ചായത്ത് വിഹിതമായി നീക്കിവെച്ചിട്ടുണ്ട്. **പൊള്ളേത്തൈ സ്കൂളിന് സ്ഥലം വാങ്ങാൻ 25 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്. സ്കൂളുകളിൽ **നാപ്കിൻ വെന്റിംഗ് മെഷീൻ** സ്ഥാപിക്കുവാൻ **11 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്. സ്കൂൾ പ്രവേശനോത്സവം വർണ്ണാഭമാക്കുന്നതിന് തുക ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യമുള്ള കുട്ടികൾക്കേ മികച്ച പഠനനിലവാരം കൈവരിക്കാനാവൂ. നമ്മുടെ സ്കൂളുകളിൽ ഗ്രാമീണ മേഖലകളിൽ നിരവധി കായിക പ്രതിഭകൾ ഒളിഞ്ഞ് നിൽക്കുന്നുണ്ട്. ഇവരെ കണ്ടെത്തി ലോകമറിയുന്ന കായിക താരങ്ങളാക്കി മാറ്റേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. ഇതിനായി സ്കൂളുകളിലും പൊതു സ്ഥലങ്ങളിലും **വോളിബോൾ, ബാസ്ക്കറ്റ് ബോൾ കോർട്ടുകൾ** നിർമ്മിക്കുന്നതിന് **50 ലക്ഷം രൂപ** വിവിധ പഞ്ചായത്തുകളിൽ **കളിസ്ഥലം** നിർമ്മിക്കുന്നതിന് **1.3 കോടി രൂപയും** വകയിരുത്തിയിട്ടുണ്ട്. **സമഗ്രശിക്ഷ അഭിയാൻ** പ്രകാരം ജില്ലാപഞ്ചായത്ത് സ്കൂളുകളുടെ അക്കാദമിക്ക് നിലവാരം ഉയർത്തുന്നതിനും **1.5 കോടി രൂപ** വകയിരുത്തിയിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസ രംഗം ഹൈടെക്ക്

ആക്കുന്നതിന്റെ ഭാഗമായി ജില്ലാ കേന്ദ്രമായി **ഡിജിറ്റൽ ക്ലാസ് റൂം** സ്ഥാപിക്കുന്നതിന് **13 ലക്ഷം രൂപ** നീക്കിവച്ചിട്ടുണ്ട്. **ബി.ആർ.സി.** കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കുവാൻ **30 ലക്ഷം രൂപ**യാണ് വകയിരുത്തിയിട്ടുള്ളത്. **സ്റ്റുഡന്റ് പോലീസ് കേഡറ്റിന്** ഈ വർഷം **10 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്

**പ്ലാസ്റ്റിക് - മാലിന്യ നിർമ്മാർജ്ജനത്തിന് 25 ലക്ഷം രൂപ**യും **എയ്റോബിക് കമ്പോസ്റ്റ്** യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് **10 ലക്ഷം രൂപ**യും അജൈവ **മാലിന്യ സംസ്ക്കരണ ബിന്നു**കൾ സ്ഥാപിക്കുന്നതിന് **10 ലക്ഷം രൂപ**യും വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി മേഖലയിൽ അതീവ ശ്രദ്ധയോടെയുള്ള ഇടപെടലാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ മേഖലയിൽ **പാടശേഖര ബണ്ട് ബലപ്പെടുത്തി** കൃഷി സുരക്ഷിതമാക്കാൻ **80 ലക്ഷം രൂപ**യാണ് വകയിരുത്തിയിട്ടുള്ളത്. സ്വസ്ഥമായി ഇരുന്ന് പഠിക്കുവാൻ സൗകര്യമില്ലാത്ത വിദ്യാർത്ഥികളുടെ വീടുകളിൽ **പഠനത്തിനായുള്ള മുറി** ഒരുക്കുന്നതിന് **50 ലക്ഷം രൂപ**യും **മെറിറ്റോറിയസ് സ്കോളർഷിപ്പ്** നൽകുന്നതിന് **75 ലക്ഷം രൂപ**യും നീക്കിവയ്ക്കുന്നു.

പ്രതിഭാ സമ്പന്നരായ പട്ടികജാതി യുവജനങ്ങൾക്ക് സ്വന്തം ജീവിതം കരുപ്പിടിപ്പിക്കുന്നതിന് സഹായം നൽകേണ്ടത് അനിവാര്യമാണ്. **മത്സര പരീക്ഷകളിൽ** പങ്കെടുക്കുന്ന ഇത്തരം യുവാക്കൾക്ക് **പരിശീലനം നൽകുവാൻ 10 ലക്ഷം രൂപ** നീക്കിവെച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം നേടുന്ന **എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്** നൽകുവാൻ **4.5 ലക്ഷമാണ്** നീക്കി വെച്ചിട്ടുള്ളത്. പട്ടികജാതി ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിനായി **ദഹനപ്പെട്ടി** വാങ്ങുന്നതിന് സഹായം നൽകുവാൻ **24 ലക്ഷം** രൂപ മാറ്റി വെച്ചിരിക്കുന്നു. അരൂർ ഐ.എച്ച്.ഡി.പി. കോളനി, ചേന്നംപള്ളിപ്പുറം, പുന്നാട്ട് കോളനി, ചേർത്തല തെക്ക് ആനന്ദംപറമ്പ് കോളനി, ചെന്നിത്തല ഇഞ്ചക്കത്തറ കോളനി, മാന്നാർ കോൻപ്രത്ത് കോളനി, മുളക്കുഴ മത്തിൽകുറ്റി കോളനി, വെണ്മണി പടിഞ്ഞാറ്റുംമുറി കോളനി, പാലമേൽ അംബ്ദേക്കർ കോളനി, മുതുകുളം മഞ്ചാടി കോളനി, കുമാരപുരം എസ്.സി. കോളനി, തുറവൂർ ഹരിജൻ സൊസൈറ്റി എന്നിവടങ്ങളിൽ **സാംസ്ക്കാരിക നിലയം സ്ഥാപിക്കുന്നതിന് 1.95 കോടി രൂപ** നീക്കി വെച്ചിട്ടുണ്ട്. വിവിധ കോളനികളിലെ **കുടിവെള്ളത്തിനായി 80 ലക്ഷം രൂപ**യും **വൈദ്യുതീകരണത്തിനായി 40 ലക്ഷം രൂപ**യും നീക്കിവെച്ചിട്ടുണ്ട്.

ഗ്രാമീണ മേഖലയിലെ ഗതാഗത സൗകര്യ വികസനം അനിവാര്യമായ ഘടകമാണ്. സംസ്ഥാന സർക്കാർ ഈ രംഗത്ത് നടത്തുന്ന പ്രവർത്തനം ശ്ലാഘനീയമാണ്. പ്രളയശേഷം തകർന്ന റോഡുകൾ ദിവസങ്ങൾക്കുള്ളിലാണ് മുൻപത്തേക്കാൾ ഭംഗിയുള്ള റോഡുകളായി മാറ്റിയത്. 2019-20 ൽ ജില്ലാപഞ്ചായത്തും ഈ രംഗത്ത് മതിയായ തുക നീക്കി വെച്ചിട്ടുണ്ട്. 23 ഡിവിഷനുകളിലായി **പുതിയ റോഡുകളുടെ നിർമ്മാണത്തിനും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുമായി 17 കോടി 13 ലക്ഷം രൂപ**യും **കലുങ്കുകൾ പാലങ്ങൾ** ഇവയുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി **1 കോടി 76 ലക്ഷം** രൂപ വകയിരുത്തിയിരിക്കുന്നു.

വിവിധ കോളനികളിൽ **ഹൈമാസ്റ്റ് ലൈറ്റ്** സ്ഥാപിക്കുവാൻ **10 ലക്ഷം** രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലയിലെ വിവിധ പട്ടികജാതി കോളനികളിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുവാനും ശുചിത്വ പരിപാലനത്തിനും **കോളനി നവീകരണ**ത്തിനും കലാ-സാംസ്ക്കാരിക വികസനത്തിനായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുമായി **4.35 കോടി രൂപ**യാണ് നീക്കിവെച്ചിട്ടുള്ളത്.

ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളെ സ്വയംപര്യാപ്തമാക്കുവാൻ കാലങ്ങളായി നാം ശ്രമിക്കുകയാണ്. **ഭവന നിർമ്മാണത്തിന് 32 ലക്ഷം രൂപ**യും **പഠനമുറിയ്ക്ക് 8 ലക്ഷം രൂപ**യും **സ്കോളർഷിപ്പിന് 2 ലക്ഷം രൂപ**യും **ശ്രവണ സഹായിക്ക് 1 ലക്ഷം രൂപ**യും **ലാപ്ടോപ്പിന് 9 ലക്ഷം രൂപ**യും ഈ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.

സ്ത്രീ സമത്വവും നവോത്ഥാനവും ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള ഏക സംസ്ഥാനം കേരളമാണ്. സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഇത്തരം പരിശ്രമങ്ങളുടെ ഫലമായാണ് ഇന്ന് ആലപ്പുഴ ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്ന നിലയിൽ ഈ ബജറ്റ് അവതരിപ്പിക്കുവാനുള്ള അവസരം എനിക്ക് ലഭിച്ചത്. അതുകൊണ്ടുതന്നെ വിവിധ പദ്ധതികളിൽ ഈ ബജറ്റിൽ **സ്ത്രീകൾക്കായി 2 കോടി രൂപ**യോളം മാറ്റി വെച്ചിട്ടുണ്ട്. ഇതിന് പുറമെ **1.8 കോടി രൂപ വനിതകൾക്കായുള്ള ഹോസ്റ്റൽ** നിർമ്മാണത്തിനായി നീക്കി വച്ചിട്ടുണ്ട്. വിവിധ മേഖലകളിലായി ഗ്രാമീണ സ്ത്രീയെ അടുക്കളയിൽ നിന്നും പൊതു ഇടങ്ങളിലേക്ക് എത്തിക്കുന്നതിന് പ്രദേശിക ഭരണകൂടങ്ങൾ ശക്തമായ ഇടപെടൽ നടത്തേണ്ടുന്ന കാലഘട്ടത്തിൽ വനിതകൾക്കായി പ്രത്യേക പദ്ധതികൾ ഏറ്റെടുക്കേപ്പെടേണ്ടത് തന്നെയാണ്. അതുകൊണ്ട് ഈ ബജറ്റ് സ്ത്രീപക്ഷ ബജറ്റായാണ് ഞാൻ കാണുന്നത്. ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ട് കേരള നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന ഏടിന്റെ നായകനായ പെരുമ്പളം **ആമച്ചാടി തേവന് ഉചിതമായ സ്മാരകം** നിർമ്മിക്കുന്നതിന് **20 ലക്ഷം രൂപ** നീക്കിവെച്ചിട്ടുള്ളതും കേരളത്തിന്റെ നവോത്ഥാന ഓർമ്മപ്പെടുത്തലുകൾക്ക് ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ അടയാളമാണ്.

## 2019 – 20 ബജറ്റ് വിഹിതം

| | | |
|---|---|---|
| ജനറൽ | – | 44,59,25,000/- രൂപ |
| എസ്.സി.പി | – | 15,77,30,000/- രൂപ |
| റ്റി.എസ്.പി | – | 45,89,000/- രൂപ |
| റോഡ് മെയിന്റനൻസ് | – | 9,23,43,000/- രൂപ |
| റോഡിതരം | – | 8,47,48,000/- രൂപ |
| ജനറൽ പർപ്പസ് | – | 3,42,97,000/- രൂപ |
| **ആകെ** | – | **81,96,32,000/- രൂപ** |

**99,97,97,981/- രൂപ (തൊണ്ണൂറ്റി ഒൻപത് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി തൊള്ളായിരത്തി എൺപത്തിയൊന്ന് രൂപ) വരവും 93,05,56,805/- രൂപ (തൊണ്ണൂറ്റി മൂന്നുകോടി അഞ്ച് ലക്ഷത്തി അൻപത്തിയാറായിരത്തി എണ്ണൂറ്റിയഞ്ച് രൂപ) ചെലവും 6,92,41,176/- രൂപ (ആറ് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി നാൽപ്പത്തിയോരായിരത്തി ഒരുന്നൂറ്റി എഴുപത്തി ആറ് രൂപ) നീക്കിയിരുപ്പുമുള്ള ബജറ്റാണ് ഇവിടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്**

കാലം കുതിക്കുന്നത് മുന്നോട്ടാണ്. പിന്നിട്ട പാതകൾ നമുക്ക് ഊർജ്ജമാവണം. മുൻകാല പാഠങ്ങൾ പുതിയ നേട്ടങ്ങൾക്ക് മുതൽക്കൂട്ടാവണം. ശാസ്ത്ര ചിന്തയിൽ പുതിയ കണ്ടുപിടുത്തങ്ങൾ പഴയതിനെ അപ്രസക്തമാക്കുന്നു. എന്നാൽ ചരിത്രമറിയാതെയുള്ള കുതിപ്പ് സ്ഥായിയാകില്ല. മുൻകാലങ്ങളിലെ പല ആചാരങ്ങളും ഇന്ന് അനാചാരങ്ങളാണ്. പഞ്ചമിയുടെ പ്രവേശനത്താൽ അഗ്നിക്കിരയായ വിദ്യാലയങ്ങളിൽ നിന്നും ലക്ഷക്കണക്കിന് പഞ്ചമിമാർ അറിവിന്റെ അനന്തതകളിലേക്ക് പറന്നുയർന്ന നാടാണിത്. നവോത്ഥാന സങ്കൽപ്പങ്ങളെ പുതിയ തലമുറയ്ക്ക് പകർന്നുനൽകി സമത്വമെന്നത് വെറും സങ്കൽപ്പമല്ല യാഥാർത്ഥ്യമാണ് എന്ന് പ്രഖ്യാപിക്കുവാൻ ഇനിയും ബഹദൂരം യാത്രചെയ്താലെ നമുക്ക് വിശ്രമിക്കാനാവൂ എന്ന് ഓർമ്മിച്ചുകൊണ്ട് ആ യാത്രയിൽ ഈ നിർദ്ദേശങ്ങൾ ഒരു മുതൽക്കൂട്ടാകും എന്ന് വിശ്വസിച്ചുകൊണ്ട് ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ 2019-20 വാർഷിക ബജറ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

മണിവിശ്വനാഥ്

വൈസ് പ്രസിഡന്റ്

ആലപ്പുഴ

16-02-2019

## ആലപ്പുഴ ജില്ലാപഞ്ചായത്ത്

# ബജറ്റ് - 2019-20 (സംഗ്രഹം)

| ഇനം | 2017- 18 ലെ കണക്ക് | 2018- 19 ലെ പരിഷ്കരിച്ച ബജറ്റ് | 2019- 20 ലെ ബജറ്റ് |
|---|---|---|---|
| Opening balance - ഓപ്പണിംഗ് ബാലൻസ് | 8,69,29,844 | 11,16,97,953 | 10,47,49,996 |
| Non tax revenue - നികുതിയിതര വരുമാനം | 1,92,30,975 | 2,90,05,900 | 3,02,65,200 |
| **Total Own Fund - ആകെ തനത് ഫ്** | **1,92,30,975** | **2,90,05,900** | **3,02,65,200** |
| General Purpose Fund - ജനറൽ പർപ്പസ് ഫ് | 2,73,41,000 | 3,06,22,000 | 3,42,97,000 |
| **Total - ആകെ** | **4,65,71,975** | **5,96,27,900** | **6,45,62,200** |
| Other Grants (plan) - മറ്റ് റവന്യൂ ഗ്രാന്റുകൾ പദ്ധതി ചെലവുകൾക്ക് | 33,24,25,511 | 64,11,75,822 | 67,95,59,050 |
| Other Grants (Non plan) - മറ്റ് റവന്യൂ ഗ്രാന്റുകൾ പദ്ധതിയേതര ചെലവുകൾക്ക് | 1,08,66,673 | 1,20,00,000 | 1,22,00,000 |
| **Total Revenue Income - ആകെ റവന്യൂ വരവുകൾ** | **38,98,64,159** | **71,28,03,722** | **75,63,21,250** |
| Capital Income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ | 10,84,46,776 | 12,47,17,178 | 13,87,26,735 |
| **Total Capital Income - ആകെ മൂലധന വരവുകൾ** | **10,84,46,776** | **12,47,17,178** | **13,87,26,735** |
| Total Income - ആകെ വരുവുകൾ | 49,83,10,935 | 83,75,20,900 | 89,50,47,985 |
| **Total Income+Net opening balance - ആകെ വരുവുകളും പ്രാരംഭ ബാക്കിയും** | **58,52,40,779** | **94,92,18,853** | **99,97,97,981** |
| Revenue Expenditure-Statutory functions - റവന്യൂ ചെലവുകൾ അനിവാര്യ ചുമതലകൾക്ക് | 2,18,85,843 | 3,14,52,293 | 3,26,80,530 |

| | | | |
|---|---|---|---|
| Revenue Expenditure-plan- റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | 33,01,21,698 | 67,62,99,386 | 74,69,49,540 |
| Revenue Expenditure-Non-plan- റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | 1,08,66,673 | 1,20,00,000 | 1,22,00,000 |
| **Total Revenue Expenditure - ആകെ റവന്യു ചെലവുകൾ** | **36,28,74,214** | **71,97,51,679** | **79,18,30,070** |
| Capital Expenditure other than Loan repayments -മറ്റ് മൂലധന ചെലവുകൾ | 11,06,68,612 | 12,47,17,178 | 13,87,26,735 |
| **Total Capital Expenditure - ആകെ മൂലധന ചെലവുകൾ** | **11,06,68,612** | **12,47,17,178** | **13,87,26,735** |
| **Total Expenditure - ആകെ ചെലവുകൾ** | **47,35,42,826** | **84,44,68,857** | **93,05,56,805** |
| **Closing Balance - നീക്കി ബാക്കി** | **11,16,97,953** | **10,47,49,996** | **6,92,41,176** |

| | | |
|---|---|---|
| **250** | **Decentralised Plan Programme - Productive Sector - ഉൽപ്പാദന മേഖല** | **2019-2020 ൽ ചെലവ്** |
| 2501001 | Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും -നെൽകൃഷി | 80,00,000 |
| 2501002 | Agriculture and Related Sectors - Other crops-കൃഷിയും അനുബന്ധ മേഖലകളും- മറ്റ് വിളകൾ | 50,00,000 |
| 2501003 | Agricultural Development Programs-മറ്റ് കാർഷിക വികസന പരിപാടികൾ | 2,50,00,000 |
| 2501004 | Agriculture and Related Sectors - Animal husbandry - കൃഷിയും അനുബന്ധ മേഖലകളും-മൃഗ സംരക്ഷണം | 40,00,000 |
| 2501009 | Agriculture and Related Sectors - Coconut-കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി | 33,33,320 |
| 2501011 | Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി | 50,00,000 |
| 2501030 | Revolving Fund-റിവോൾവിംഗ് ഫണ്ട് | 13,00,000 |
| 2501040 | Animal Husbandry -Disease Control-മൃഗ സംരക്ഷണം-രോഗ നിയന്ത്രണം | 40,00,000 |
| 2501041 | Animal Husbandry -Related Facility-മൃഗ സംരക്ഷണം-അനുബന്ധ സൌകര്യങ്ങൾ | 6,50,000 |
| 2501046 | Dairy Development -Storage and Marketing-ക്ഷീര വികസനം-സംഭരണവും വിപണനവും | 1,13,29,420 |
| 2501048 | Dairy Development -Infrastructure-ക്ഷീര വികസനം-പശ്ചാത്തല സൌകര്യങ്ങൾ | 60,00,000 |
| 2501052 | Inland -Pisciculture-ഉൾനാടൻ മത്സ്യ കൃഷി | 10,00,000 |
| 2501060 | Fish Marketing-മത്സ്യ വിപണനം | 45,00,000 |
| 2501063 | Integrated Pisciculture-സംയോജിത മത്സ്യ കൃഷി | 20,00,000 |
| 2502001 | Soil and Water Conservation - മണ്ണ് ജല സംരക്ഷണം | 1,45,00,000 |
| 2502006 | Water Conservation-ജല സംരക്ഷണം | 2,30,00,000 |
| 2503001 | Small scale industries and Micro enterprises- ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും | 67,00,000 |
| 2503004 | Coir Industry -കയർ വ്യവസായം | 50,00,000 |
| 2503008 | Other Industries-മറ്റ് വ്യവസായങ്ങൾ | 50,00,000 |
| 2503009 | Industrial Training Programs-വ്യവസായ പരിശീലന പരിപാടികൾ | 10,00,000 |
| 2503012 | Other programs in Industrial Sector-വ്യവസായ മേഖലയിലെ മറ്റ് പരിപാടികൾ | 25,00,000 |
| 2503015 | Service Enterprises-സേവന സംരംഭങ്ങൾ | 50,00,000 |
| **250** | **Total-Decentralised Plan Programme - Productive Sector-ഉത്പാദന മേഖല ആകെ** | **14,38,12,740.00** |
| **251** | **Decentralised Plan Programme - Service Sector-സേവന മേഖല** | **2019-2020 ൽ ചെലവ്** |

| | | |
|---|---|---|
| 2510115 | Literacy Equivalance Examination-സാക്ഷരത - തുല്യതാ പരീക്ഷ | 10,00,000 |
| 2511003 | High School Education-ഹൈസ്കൂൾ വിദ്യാഭ്യാസം | 50,00,000 |
| 2511004 | Higher Secondary/Vocational Higher Secondary School Education-ഹയർ സെക്കണ്ടറി /തൊഴിൽ അധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസം | 20,00,000 |
| 2511005 | Technical Education-സാങ്കേതിക വിദ്യാഭ്യാസം | 10,00,000 |
| 2511008 | Youth Welfare-യുവജനക്ഷേമം | 4,00,000 |
| 2511009 | Reading Rooms and Libraries-വായന ശാലകളും റീഡിംഗ് റൂമുകളും | 40,00,000 |
| 2511014 | Financial Assistance for SC/ST Students For Higher Education Admission-പട്ടിക ജാതി പട്ടിക വർഗ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു ധന സഹായം | 1,87,00,000 |
| 2511019 | Arts,Culture,Sports and Youth Welfare-Promotion-കല-സംസ്കാരം-സ്പോട്സ്-യുവജന ക്ഷേമം-പ്രോത്സാഹന പരിപാടികൾ | 40,00,000 |
| 2512004 | Medicines-മരുന്നുകൾ | 68,00,000 |
| 2512005 | Hospital Waste Management-ആസ്പത്രി മാലിന്യ പരിപാലനം | 13,00,000 |
| 2512007 | Other Programs in Health Sector-മറ്റ് ആരോഗ്യ പദ്ധതികൾ | 68,50,000 |
| 2512014 | Ayurveda Dispensary-ആയുർവേദ ഡിസ്പന്സറി | 30,00,000 |
| 2512024 | Epidemic Control-പകർച്ച വ്യാധി നിയന്ത്രണം | 10,00,000 |
| 2512025 | Drinking Water - Public-പൊതു കുടിവെള്ള വിതരണം | 20,00,000 |
| 2512026 | Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം | 60,00,000 |
| 2512027 | Crematorium- ശ്മശാനങ്ങൾ | 1,00,00,000 |
| 2513001 | Housing-ഭവന നിർമാണം | 12,69,48,800 |
| 2513005 | Programs for the Aged-വൃദ്ധക്ഷേമ പരിപാടികൾ | 3,00,00,000 |
| 2513006 | Programs for Physically/ Mentally Challenged-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 2,06,00,000 |
| 2513007 | Welfare Programs for the Destitute-അഗതി ക്ഷേമ പരിപാടികൾ | 50,00,000 |
| 2513008 | Total Poverty Alleviation Programs-ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 50,00,000 |
| 2513009 | Women's Welfare Programs-വനിതാ ക്ഷേമ പരിപാടി | 2,00,00,000 |
| 2513010 | Special Programs for Scheduled Castes-പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | 1,50,00,000 |
| 2513011 | Special Programs for Scheduled Tribes -പട്ടിക വർഗ ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | 50,00,000 |

| | | |
|---|---|---|
| 2514001 | Development Programs for Women and Children - വനിതാ ശിശു ക്ഷേമ പരിപാടികൾ | 60,00,000 |
| 2514101 | Anganwadi Nutrition-അംഗൻവാടി പോഷകാഹാര പരിപാടി | 1,09,50,000 |
| 2514102 | Other Nutrition Distribution Programme-മറ്റ് പോഷകാഹാര പരിപാടികൾ | 50,00,000 |
| 2514201 | Anganwadi Infrastructure-അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ | 25,00,000 |
| 2516005 | General Economic Services- Plan Formulation, Monitoring and Evaluation-പദ്ധതി രൂപീകരണം ,മോണിറ്ററിംഗ് | 2,00,000 |
| 2516007 | General Economic Services- Computerisation of LSGIs and Transferred Institutions-തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ വൽക്കരണം | 66,50,000 |
| 2516301 | Electricity Line Extension-വൈദ്യുത ലൈൻ നീട്ടൽ | 1,50,00,000 |
| 2516401 | Tourism Infrastructure-ടൂറിസം പശ്ചാത്തല സൌകര്യങ്ങൾ | 10,00,000 |
| 2516501 | Local Government Service Delivery Improvement-( | 6,72,000 |
| 2516502 | Transferred Institution Service Delivery Improvement-ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള സേവന സൌകര്യങ്ങൾ വർധിപ്പിക്കൽ | 5,00,000 |
| **251** | **Total-Decentralised Plan Programme - Service Sector** | **34,90,70,800.00** |
| **252** | **Decentralised Plan Programme - Infrastructure Sector - പശ്ചാത്തല മേഖല** | **2019-2020 ൽ ചെലവ്** |
| 2522001 | Roads-റോഡുകൾ | 5,00,00,000 |
| 2522003 | Bridges-പാലങ്ങൾ | 20,00,000 |
| 2522004 | Culverts and Causeways -കലുങ്കുകളും ചപ്പാത്തുകളും | 22,00,000 |
| 2522007 | Vehicles-വാഹനങ്ങൾ | 30,00,000 |
| 2523102 | Other Constructions - Side Walls-മറ്റ് നിർമിതികൾ-പാർശ്വ ഭിത്തി | 20,00,000 |
| **252** | **Total-Decentralised Plan Programme - Infrastructure Sector – പശ്ചാത്തല മേഖല** | **5,92,00,000.00** |

## മേഖലാ വിഭജനത്തിൽ ഉൾപ്പെടാത്തത്

| | | |
|---|---|---|
| **253** | **Projects not included in Sector Division** | **2019-2020 ൽ ചെലവ്** |
| 2531006 | Asraya Projects for Rehabilitation of Destitute-ആശ്രയ പദ്ധതി | 50,00,000 |

| | | |
|---|---|---|
| 410 20 01 | Buildings | 3,50,00,000 |
| 410 30 01 | Roads | 2,90,00,000 |
| 410 30 03 | Culverts, Bridges & Other constructions | 1,14,00,000 |
| 410 40 01 | Drinking Water - Sources (Open Wells, Bore Wells, Tube Wells, Tanks etc.) | 2,00,00,000 |
| 410 71 01 | Movable Assets | 2,13,26,735 |
| 410 80 01 | Other Fixed Assets | 20,00,000 |
| **TOTAL CAPITAL EXPENDITURE - മൂലധന ചെലവുകൾ** | | **13,87,26,735** |